# കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ അഗ്രോ ബസാർ

Janayugom 15.12.17

തൃശൂർ: കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന അഗ്രോ ബസാറിന്റെ സേവനം നാളെ മുതൽ. രാജ്യത്തെ പ്രഥമ ബസാറിന്റെ ഉദ്ഘാടനം തൃശൂർ ചെമ്പൂക്കാവ് അഗ്രികൾച്ചറർ കോംപ്ലകസിൽ നാളെ രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ അദ്ധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് വ്യവസായ വകുപ്പ് മന്ത്രി എ സി മൊയ്തീന് കാർഷിക ഉപകരണം നൽകി ആദ്യ വിൽപ്പന നടത്തും. മേയർ അജിത ജയരാജൻ, എം പി മാരായ സി എൻ ജയദേവൻ, പി കെ ബിജു, ഇന്നസെന്റ് എം എൽ എ മാർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ കാർഷികോൽപ്പാദന കമ്മീഷണർ ടിക്കാറാം മീണ തുടങ്ങിയവർ പങ്കെടുക്കും.

വിത്ത്, വളം, കീടനാശിനി, നടീൽ വസ്തുക്കൾ, കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ, പമ്പ് സെറ്റ്, മറ്റ് ഇറിഗേഷൻ ഉപകരണങ്ങൾ ഇവയെല്ലാം ഗുണമേന്മയോടു കൂടി മിതമായ വിലയിൽ ബസാർ മുഖേന കർഷകർക്കും പൊതുജനങ്ങൾക്കും കോർപ്പറേഷൻ ലഭ്യമാക്കും.

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ എല്ലാ വിഭവങ്ങളും ഈ അഗ്രോ ഹൈപ്പർ ബസാറിൽ ലഭിക്കും. കൃഷി വകുപ്പിന് കീഴിലുള്ള ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലേയും മറ്റ് വകുപ്പുകളിലെ ഉൽപ്പന്നങ്ങൾ ഇവിടെ ഉണ്ടായിരിക്കും. സംസ്ഥാന സർക്കാരിന് കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനും ആവശ്യമായ സൗകര്യമുണ്ട്.

വി എഫ് പി സി കെ യുടെയും, കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെയും കീഴിലുള്ള ഫാമുകളിൽ നിന്നുള്ള വിവിധയിനം വിത്തുകൾ, ഹൈബ്രിഡ് വിത്തുകൾ, വിവിധതരം ചെടിച്ചട്ടികൾ, പോട്ടിംഗ് മിശ്രിതം, ചാണകപ്പൊടി, കോഴിവളം, മണ്ണിര കമ്പോസ്റ്റ്, മറ്റ് ജൈവ വളങ്ങൾ, വേപ്പിൻ പിണാക്ക്, ബയോ ഫെർട്ടിലൈസേഴ്സ്, ജൈവ കീടനാശിനികൾ തുടങ്ങി കാർഷികവൃത്തിക്കാവശ്യമായ എല്ലാ ഉപാധികളുമുണ്ടായിരിക്കും. വിത്ത്, വളം എന്നിവ തേടി കർഷകരും പൊതുജനങ്ങളും ലഭിക്കും.

കൃഷിക്ക് ആവശ്യമുള്ള ഗുണമേന്മയുള്ള എല്ലാ ഉൽപ്പന്നങ്ങളും മിതമായ നിരക്കിൽ ലഭിക്കും. കൂടാതെ ആധുനിക രീതിയിലുള്ള കാർഷിക യന്ത്രങ്ങളേയും, സാമഗ്രികളേയും കുറിച്ച് മനസ്സിലാക്കുന്നതിനും അവയുടെ പ്രവർത്തന രീതി മനസ്സിലാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഈ അഗ്രോ ഹൈപ്പർ ബസാറിലുണ്ട്.